**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(അവതരണം: റെജീന പി.എം.)**

തീയതി: 17/05/2019

ഡി.ഐ.സി./2638/2019-ഇഎ1

വിഷയം:- വ്യവസായ വകുപ്പ് - ജീവനക്കാര്യം - ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ 2019 വർഷത്തെ പൊതു സ്ഥലംമാറ്റം - കരട് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- 25/02/2017 ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

മേൽ പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം വ്യവസായ വാണിജ്യ വകുപ്പിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ 2019 വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവിന്റെ കരട് പ്രസിദ്ധീകരിക്കുന്നു. ഒരു ഓഫീസിൽ തുടർച്ചയായി മൂന്നു വർഷക്കാലം പൂർത്തിയായവരെയാണ് ഈ സ്ഥലംമാറ്റ ഉത്തരവിൽ പരിഗണിച്ചിരിക്കുന്നത്. പൊതു സ്ഥലംമാറ്റത്തിന്റെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായ 28/02/2019 ന് ശേഷം ലഭിച്ച അപേക്ഷകൾ പൊതു സ്ഥലംമാറ്റത്തിനായി പരിഗണിച്ചിട്ടില്ല. പരാതികൾ ഈ ഉത്തരവ് തീയതി മുതൽ 5 ദിവസത്തിനകം ഈ ഓഫീസിൽ ഉചിതമാർഗ്ഗേന/നേരിട്ടോ എത്തിക്കേണ്ടതാണ്.

## ഉത്തരവ്

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം തയ്യാറാക്കിയ 2019 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിന്റെ കരട് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും നിലവിൽ ജോലി ചെയ്യുന്ന ഓഫീസും | സ്ഥലംമാറ്റി നിയമിച്ച ഓഫീസ് |
|---|---|---|
| 1 | ശ്രീ. സലിം എസ്., സീനിയർ ക്ലാർക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. | ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട് (നിലവിലുള്ള ഒഴിവിൽ) |
| 2 | ശ്രീമതി രജിത വി. സീനിയർ ക്ലാർക്ക്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. | ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം. (ശ്രീമതി ജിനി മോൾ ജയൻ സീനിയർ ക്ലാർക്ക് സ്ഥലം മാറിപ്പോയ ഒഴിവിൽ) |
| 3 | ശ്രീമതി ജിനി മോൾ ജയൻ സീനിയർ ക്ലാർക്ക് ജില്ലാ വ്യവസായ കേന്ദ്രം കോട്ടയം. | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തിരുവനന്തപുരം (ശ്രീമതി രജിത വി., സീനിയർ ക്ലാർക്ക് സ്ഥലം മാറിപ്പോയ ഒഴിവിൽ) |

നിയന്ത്രണാധികാരികൾ ഈ പൊതുസ്ഥലംമാറ്റ ഉത്തരവിന്റെ കരട് ബന്ധപ്പെട്ട ജീവനക്കാർക്ക് വിതരണം ചെയ്യേണ്ടതും പരാതിയുള്ള പക്ഷം ആയത് ഈ ഉത്തരവ് തീയതി മുതൽ 5 ദിവസത്തിനകം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-
1. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. ജോയിന്റ് ഡയറക്ടർ, റ്റി.സി. വിഭാഗം
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
5. സൂക്ഷിപ്പ് ഫയൽ/അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

Hiranmay

സീനിയർ സൂപ്രണ്ട്